പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 439 11.06.2013 ൽ മറുപടിക്ക്

## 2012-13 ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടും നടപ്പാക്കാത്ത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| 2012-13 ലെ ബഡ്ജറ്റിൽ ഗതാഗത വകുപ്പിനായി അനുവദിച്ച പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതെല്ലാമെന്ന് വിശദമാക്കുമോ? | 1. ***കെ.എസ്.ആർ.ടി.സി***<br>2012-13 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സിക്ക് 57.07 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ ടൗൺ/സിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതിനായി 50 ബസ്സുകൾ വാങ്ങാൻ 32 കോടി രൂപ വകയിരുത്തിയിരുന്നത് ഉപയോഗിച്ച് ചാസികൾ വാങ്ങി തൃശ്ശൂർ നഗരത്തിൽ സർവ്വീസ് തുടങ്ങുകയും ചെയ്തു. കോഴിക്കോട് ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ടി സർവ്വീസുകൾക്കായി ഷെഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസനവും, |

| | | | |
|---|---|---|---|
| | | | വർക്ക്ഷോപ്പുകളുടെ ആധുനിക വത്കരണത്തിനുമായി വകയിരുത്തി യിരുന്ന 14 കോടി രൂപ ഉപയോഗിച്ച് ടി പണികൾ പുരോഗമിക്കുന്നു. കെ.എസ്.ആർ.റ്റി.സി. യുടെ സമ്പൂർണ്ണ കമ്പ്യൂട്ടർ വത്കരണത്തിനും ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനുമായി 10 കോടി രൂപ വകയിരുത്തിയിരുന്നു. കെ.എസ്.ആർ.റ്റി.സി. യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കി വരിക യാണ്. ന്യൂ ജനറേഷൻ ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതി ലേയ്ക്കായി സാങ്കേതിക പരിശോധന പൂർത്തിയാക്കി, ടെൻഡർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ GPS/ GPRS സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി, C-DAC -നെ നോഡൽ ഏജൻസിയായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടി സംവിധാനങ്ങൾ ബസ്സുകളിൽ ഏർപ്പെടു ത്തുന്ന നടപടികളും പുരോഗമിക്കുന്നു. |

***<u>2. മോട്ടോർ വാഹന വകുപ്പ്</u>***

2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ മോട്ടോർ വാഹന വകുപ്പിൽ താഴെപ്പറയുന്നവ നടപ്പിലാക്കിയിട്ടില്ല.

1. ***<u>റോഡ് സുരക്ഷാ പരിപാടികൾ</u>***

   a. കൈറഡാറുകൾ വാങ്ങൽ.

   b. ഇന്റർസെപ്റ്ററുകൾ വാങ്ങൽ.

   c. റഡാർ സർവ്വൈലൻസ് സംവിധാനം നടപ്പാക്കൽ.

   d. ഡ്രൈവിംഗ് സിമുലേറ്ററുകൾ വാങ്ങൽ.

   e. ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കൽ.

2. ***<u>ഇ-ഗവേണൻസ് നടപ്പിലാക്കൽ</u>***

3. ***<u>വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കൽ.</u>***

4. ***<u>മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം.</u>***

   (a) 2 പോർട്ടബിൾ വെയിംഗ് ബ്രിഡ്ജുകൾ വാങ്ങൽ.

   (b)3 ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കൽ.

സെക്ഷൻ ഓഫീസർ